സ്കീം)-ൽ നിന്നും ഫണ്ട് അനുവദിപ്പിക്കുന്നതിന് വ്യവസായ വകുപ്പുമായി ചേർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

അരൂർ മണ്ഡലത്തിലെ ചന്തിരൂരിൽ സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷന്റെ സഹായത്തോടെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം വ്യവസായ വകുപ്പ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ നിയമങ്ങൾ

77 (4955) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലീനീകരണ നിയന്ത്രണ നിയമങ്ങൾ ലംഘിക്കുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നതായിട്ടാണ് മലീനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ സ്വകാര്യ വ്യവസായങ്ങൾ എത്ര ; പൊതുമേഖലാസ്ഥാപനങ്ങൾ എത്രയെന്നും അറിയിക്കുമോ ;

(സി) പൊതുമേഖലാ വ്യവസായങ്ങൾ ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ഡി) എറണാകുളം ജില്ലയിൽ ചാലക്കുടിപ്പുഴ മലിനീകരണം സൃഷ്ടിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണ നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ - എഫ്) വിവരം ശേഖരിച്ചു വരുന്നു.

മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം

78 (4956) ശ്രീ. കെ. ബി. ഗണേഷ്കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം എന്നത്തേക്ക് പൂർണ്ണരൂപത്തിലാകുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത യൂണിവേഴ്സിറ്റിയിലേക്കുള്ള ജീവനക്കാരെ എങ്ങനെയാണ് നിയമിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പശ്ചാത്തല സൗകര്യമൊരുക്കി ആവശ്യമായ ജീവനക്കാരെ നിയമിച്ചു കഴിഞ്ഞാൽ മൂന്ന് വർഷത്തിനുള്ളിൽ പൂർണ്ണ രൂപത്തിലാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) യൂണിവേഴ്സിറ്റി തയ്യാറാക്കുന്ന നിയമന ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നത്.

സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാമിഷൻ

79 (4959) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ പി. പി അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ മിഷൻ എന്നാണ് നിലവിൽ വന്നത് ;

(ബി) സാമൂഹ്യ സുരക്ഷാ മിഷനിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട് ;

(സി) സർക്കാർ സർവ്വീസിൽ നിന്നും പെൻഷൻ പറ്റിയ എത്ര പേർക്ക് ഇവിടെ നിയമനം നൽകിയിട്ടുണ്ട് ; അവർക്ക് നൽകുന്ന ശമ്പള സ്കെയിൽ എത്ര എന്ന് വിശദമാക്കുമോ ;

(ഡി) മറ്റ് വകുപ്പിൽ നിന്നും എത്രപേരെ ഇവിടെ നിയമിച്ചിട്ടുണ്ട് ; ഇവരെ എത്ര വർഷത്തേക്കാണ് നിയമിച്ചിട്ടുള്ളതെന്ന് പറയുമോ ;

(ഇ) സാമൂഹ്യ സുരക്ഷാ മിഷൻ നിലവിൽ വന്നതിനുശേഷം ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഇതിൽ എത്ര പേർക്ക് ധനസഹായം വിതരണം ചെയ്തുവെന്നും ആകെ എന്തുതുകയാണ് വിതരണം ചെയ്തത് എന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 14-10-2008-ലെ ജി.ഒ.(എം.എസ്.) നമ്പർ/56/2008/സാക്ഷേവ. ഉത്തരവ് പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ നിലവിൽ വന്നു.

(ബി) 9 ജീവനക്കാർ കൂടാതെ വികലാംഗ നിർണ്ണയ ക്യാമ്പുകൾ നടപ്പിലാക്കുന്നതിന് 14 ജില്ലാ കോ-ഓർഡിനേറ്റർമാരേയും ഒരു സംസ്ഥാനതല അസി. കോ-ഓർഡിനേറ്ററേയും നിയമിച്ചിട്ടുണ്ട്.

(സി) 2 (രണ്ട്)

LIBRARY ARCHIVES Kerala Legislative Assembly